**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1032 30.10.2019-ലെ മറുപടി**

**അമ്പലപ്പാറ, തച്ചനാട്ടുകര കുടിവെള്ള പദ്ധതികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി. ഉണ്ണി** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം അമ്പലപ്പാറ, തച്ചനാട്ടുകര കുടിവെള്ള പദ്ധതികൾക്കായി എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ; | എ) & ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് (ഒന്നാം ഘട്ടം) കിഫ്ബിയിൽ നിന്നും 10 കോടി രൂപയുടെ ധനസഹായ അംഗീകാരം ലഭിച്ചു. ടി പദ്ധതിയിൽ ക്ലിയർ വാട്ടർ പമ്പ് ഹൌസ്, 8.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ മെച്ചപ്പെടുത്തൽ എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുകയും 05.03.2019-ൽ കമ്മീഷൻ ചെയ്യുകയും ചെയ്തു.<br>അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 11.14 കോടി രൂപയ്ക്കു കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തി ധനസഹായ അംഗീകാരം ലഭിച്ചു. 6.5 MLD ശേഷിയുള്ള ജലശുദ്ധീകരണ ശാല, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ഉന്നതതല ജലസംഭരണി എന്നിവ ഉൾപ്പെടുത്തിയ ടി പദ്ധതിയ്ക്ക് എഗ്രിമെൻറ് ഒപ്പുവെച്ചിട്ടുണ്ട്. മേൽ പ്രവർത്തി 2021 ഓടു കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.<br>അമ്പലപ്പാറ കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖലാ സ്ഥാപിക്കുന്ന പ്രവർത്തി മൂന്നാം ഘട്ടമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ 37.77 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് ഭരണാനുമതി നല്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | ഓരോ പദ്ധതിയിലും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്നും, ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാൻ അവശേഷിക്കുന്നുണ്ട് എന്നും സംബന്ധിച്ച വിശദാംശങ്ങൾ നല്കാമോ? | | |

Renuka Sankar

സെക്ഷൻ ഓഫീസർ